പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1713 — 06.03.2017-ലെ മറുപടിക്ക്

## ബസുകളുടെ ചവിട്ടുപടികൾ

ചോദ്യം — ശ്രീ. മഞ്ഞളാംകുഴി അലി

ഉത്തരം — ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി, സ്വകാര്യ ബസുകളുടെ ചവിട്ടുപടികൾ പലപ്പോഴും പ്രായമായവർക്കും അംഗപരിമിതർക്കും സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കാൻ കഴിയാത്തവിധം ഉയരത്തിലാണ് നിർമ്മിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി ബസുകളുടെ ചവിട്ടുപടികൾ നിയമം അനുശാസിക്കുന്ന പ്രകാരമാണ് നിർമ്മിച്ചിരിക്കുന്നത്. നിയമത്തിൽ അനുശാസിച്ചിരിക്കുന്ന അളവുകൾ കൃത്യമായി പാലിക്കുന്നുണ്ട്. |
| (ബി) | ഇത് കാരണം പലപ്പോഴും ഇത്തരം യാത്രക്കാർക്ക് പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം യാത്രക്കാർക്കുകൂടി സൗകര്യപ്രദമായി ഉപയോഗിക്കുന്ന തരത്തിൽ, ചവിട്ടുപടിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | പൊതുയാത്രാസംവിധാനങ്ങളെ അംഗപരിമിതർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ മറ്റെന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | ജൻറം പദ്ധതി പ്രകാരമുള്ള ലോ ഫ്ളോർ ബസുകൾ അംഗപരിമിതർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് നിരത്തിലിറക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ